കേരള സർക്കാർ GOVERNMENT OF KERALA
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
KERALA STATE INSTITUTE OF LANGUAGES
നാളന്ദ, തിരുവനന്തപുരം - 695003, കേരള
Nalanda, Thiruvananthapuram - 695003, Kerala

തീയതി :13.01.2023

പ്രസിദ്ധീകരണത്തിന്-

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരത്തിനായി കൃതികൾ ക്ഷണിച്ചു.

*എൻ. വി. കൃഷ്ണവാര്യർ സ്മാരക വൈജ്ഞാനിക പുരസ്കാരം, കെ. എം. ജോർജ് സ്മാരക ഗവേഷണ പുരസ്കാരം, എം. പി. കുമാരൻ സ്മാരക വിവർത്തനപുരസ്കാരം*

തിരുവനന്തപുരം : എൻ. വി. കൃഷ്ണവാര്യർ സ്മാരക വൈജ്ഞാനിക പുരസ്കാരം, കെ. എം. ജോർജ് സ്മാരക ഗവേഷണ പുരസ്കാരം, എം. പി. കുമാരൻ സ്മാരക വിവർത്തനപുരസ്കാരം എന്നിവയ്ക്കായി കൃതികൾ ക്ഷണിച്ചതായി കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ അറിയിച്ചു. 2022 ജനുവരി-ഡിസംബർ മാസത്തിനിടയിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളായിരിക്കണം വൈജ്ഞാനിക അവാർഡിനും വിവർത്തന അവാർഡിനും സമർപ്പിക്കേണ്ടത്. ശാസ്ത്രസാങ്കേതിക വിഭാഗം, ഭാഷാ-സാഹിത്യ പഠനങ്ങൾ, സാമൂഹിക ശാസ്ത്രം, കല/സംസ്കാരപഠനങ്ങൾ എന്നീ മേഖലകളിൽ നിന്നുള്ള ഗ്രന്ഥങ്ങളായിരിക്കും ഈ രണ്ടു വിഭാഗങ്ങളിലും അവാർഡിനായി പരിഗണിക്കുക. ഇംഗ്ലീഷ് ഭാഷയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ വൈജ്ഞാനിക ഗ്രന്ഥങ്ങളാണ് വിവർത്തനപുരസ്കാരത്തിന് പരിഗണിക്കുക. ഗവേഷണ പുരസ്കാരത്തിനുള്ള സമർപ്പണങ്ങൾ 2022 ജനുവരിയ്ക്കും ഡിസംബറിനുമിടയിൽ ഏതെങ്കിലും ഇന്ത്യൻ സർവകലാശാലകളിൽ നിന്ന് അവാർഡ് ചെയ്യപ്പെട്ട ഡോക്ടറൽ/പോസ്റ്റ് ഡോക്ടറൽ പ്രബന്ധങ്ങളുടെ മലയാളവിവർത്തനമായിരിക്കണം. മലയാളം ഒഴികെ മറ്റുഭാഷകളിൽ സമർപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി വേണം സമർപ്പിക്കാൻ. വിവിധ സർവ്വകലാശാലകളിൽ നടക്കുന്ന ജ്ഞാനോത്പാദനത്തെ മലയാള ഭാഷയിലേക്ക് എത്തിക്കാനുള്ള ഒരു ഉപാധിയായിക്കൂടിയാണ് ഈ പുരസ്കാരം വിഭാവനം ചെയ്തിട്ടുള്ളതെന്നും ഡയറക്ടർ അറിയിച്ചു.

പുരസ്കാരത്തിനുള്ള സമർപ്പണങ്ങൾ 2023 ഫെബ്രുവരി 10നകം ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം- 695003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. വൈജ്ഞാനിക പുരസ്കാരത്തിനും വിവർത്തന പുരസ്കാരത്തിനും സമർപ്പിക്കുന്ന പുസ്തകങ്ങളുടെ 4 കോപ്പി വീതമാണ് അയക്കേണ്ടത്. ഗവേഷണ പ്രബന്ധങ്ങളുടെ 4 വീതം പകർപ്പുകളും അയക്കണം. ഓരോ വിഭാഗത്തിനും ഒരു ലക്ഷം രൂപ വീതമാണ് പുരസ്‌കാരത്തുക. സമർപ്പണങ്ങൾ ഓരോന്നും മൂന്നു വിദഗ്ധർ അടങ്ങിയ ജൂറി പരിശോധിച്ച് വിധിനിർണയിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും പുരസ്കാരദാനം.

പി.ആർ.ഒ (I/c)
9447 95 6162

**ഡോ.സത്യൻ എം.**
ഡയറക്ടർ